**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 41** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സഹകരണ മേഖലയുടെ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഗീതാ ഗോപി

ശ്രീ. ജി. ആർ. അനിൽ

ശ്രീ. പി. പ്രസാദ്

ശ്രീ. കെ. കെ. വത്സരാജ്

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** ആഗോളതലത്തിൽ കേരളത്തിലെ സഹകരണപ്രസ്ഥാനത്തെ അടയാളപ്പെടുത്തുന്ന മികച്ച സഹകരണസംഘങ്ങളെ വളർത്തിക്കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക, തൊഴിൽ മേഖലകളിലെ വികസനത്തിൽ സഹകരണ പ്രസ്ഥാനങ്ങൾ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. സാധാരണ ജനങ്ങളുടെ സാമ്പത്തിക ശാക്തീകരണം, സാമൂഹിക സുരക്ഷ, ഗ്രാമീണ വികസനം, തൊഴിൽസൃഷ്ടി എന്നിവ ഉറപ്പാക്കുന്നതിൽ സഹകരണ മേഖല വലിയ സംഭാവനയാണ് നൽകുന്നത്. വായ്പാ സേവനങ്ങൾക്കപ്പുറം നിർമ്മാണ കരാർ, ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, പരമ്പരാഗത വ്യവസായങ്ങൾ ആരോഗ്യ രംഗം, ക്ഷീര വ്യവസായം, വിദ്യാഭ്യാസം, ചെറുകിട വ്യാപാരം, സോഫ്റ്റ്‌വെയർ വികസനം, ഐ.ടി.സേവനങ്ങൾ തുടങ്ങിയ നിരവധി മേഖലകളിലേക്ക് സഹകരണ സ്ഥാപനങ്ങൾ വിജയകരമായി വ്യാപിച്ചു കഴിഞ്ഞു. സഹകരണ മേഖലയിലെ നിരവധി സ്ഥാപനങ്ങൾ വായ്പ മേഖലയിലും, തൊഴിൽ മേഖലയിലും, ആരോഗ്യ മേഖലയിലും മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്.

നിലവിലുള്ള മികച്ച മാതൃകകളെ പ്രോത്സാഹിപ്പിക്കുന്നതിനും ദേശീയ അന്തർദേശീയ തലത്തിലുള്ള മികച്ച സഹകരണ മാതൃകകൾ കണ്ടെത്തുവാനും കേരളത്തിന്റെ സാഹചര്യത്തിൽ അത് പ്രയോജനപ്പെടുത്തുവാനുമുള്ള പഠനവും ശ്രമവും നടക്കുകയാണ്.

കേരള സമ്പത്ത് വ്യവസ്ഥയിൽ ഗുണപരമായ മുന്നേറ്റമുണ്ടാക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതിയ മേഖലകളിലേയ്ക്ക് സഹകരണ മേഖലയുടെ പ്രവർത്തന വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും പഠനവും ശ്രമങ്ങളും നടന്നുവരികയാണ്.

പൊതുജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും നൽകുന്ന പുതിയ പ്രൊജക്ടുകൾ ആരംഭിക്കുന്നതിനും പഠനം നടത്തുന്നതിനും സർക്കാർ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് പൊതു-സഹകരണ പങ്കാളിത്ത (Public Co-operative Partnership - PCP) പദ്ധതി.

കൂടാതെ സമുദ്ര ഉല്പന്ന കയറ്റുമതി, കശുവണ്ടി കയറ്റുമതി, വ്യോമയാന മേഖല എന്നീ മേഖലകളിലേയ്ക്കും സഹകരണ മേഖലയുടെ സേവനം വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി ആലോചനയിലുണ്ട്.

മടങ്ങിയെത്തിയ പ്രവാസികൾ, വനിതകൾ, അസംഘടിത തൊഴിലാളികൾ തുടങ്ങി തൊഴിലും വരുമാനവും ആഗ്രഹിക്കുന്ന എല്ലാവർക്കും തൊഴിൽ ഉറപ്പാക്കാനുള്ള സാധ്യതകൾ സഹകരണ മേഖലയിലൂടെ കണ്ടെത്തുന്നതിനും സംഘങ്ങൾ, ചെറുകിട സംരംഭകർ, കർഷകർ എന്നിവരുടെ ഉത്പന്നങ്ങൾക്ക് പ്രാദേശിക വിപണി സാധ്യതകളും കയറ്റുമതി സാധ്യതകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാർഷിക സ്റ്റാർട്ടപ്പുകൾ, FPO-കൾ ചെറുകിട സംരംഭകർക്ക് സഹകരണ ബാങ്കുകൾ വഴി സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിനും സഹകരണ സംഘങ്ങളുടെ തനത് ഫണ്ടും സർക്കാർ ധനസഹായവും ഉൾപ്പെടുത്തി കേരളത്തിലെ സുഗന്ധവ്യഞ്ജനങ്ങൾ, നാളികേരം, കൈത്തറി, കയർ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ മികച്ച ബ്രാൻഡുകളോടൊപ്പം വളർത്തിയെടുക്കുവാൻ ശ്രമിക്കുന്നു. സാർവ്വത്രികവും ജനകീയവുമായ പ്രസ്ഥാനം എന്ന നിലയിൽ സഹകരണ മേഖലയ്ക്ക് അനുയോജ്യമായ വികസന മേഖലകൾ കണ്ടെത്തി ആധുനിക കാഴ്ചപ്പാടിനോടൊപ്പം നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സഹകരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ സമൂഹത്തിലേക്ക് വ്യാപിപ്പിക്കുന്നതിനും സഹകരണ സ്ഥാപനങ്ങളുടെ ഐക്യത്തിലൂടെ കേരളത്തിൽ ഇനിയും നിരവധി മേഖലകളിൽ ഇടപെടുന്നതിനും മികച്ച സഹകരണ സംഘങ്ങൾ വളർത്തിയെടുക്കേണ്ടത് ഈ കാലഘട്ടത്തിൽ വളരെ അത്യാവശ്യമാണ്.

**(ബി)** സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ, ആകർഷിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ മേഖലയിൽ യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും, സംസ്ഥാനത്ത് യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയും, യുവാക്കളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി മുൻ സർക്കാരിന്റെ രണ്ട് ഘട്ട 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വനിത, പട്ടികജാതി-പട്ടികവർഗ്ഗ യുവ സംഘങ്ങൾ ഉൾപ്പെടെ 49 യുവ സഹകരണ സംഘങ്ങൾ രൂപികരിച്ചിട്ടുണ്ട്. യുവസംരഭകരെയും സേവനദാതാക്കളെയും സഹകരണ മേഖലയിലേയ്ക്കും സഹകരണ തത്വങ്ങളിലേയ്ക്കും ആകർഷിക്കുന്നതിനും സഹകരണ മേഖലയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനുമാണ് ടി സംഘങ്ങൾ രൂപികരിച്ചിട്ടുള്ളത്.

മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം മുതൽ ഒരു ഉപഘടകമായി യുവജന സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. അപ്രകാരം ആദ്യ ഘട്ടത്തിൽ രൂപികരിച്ച 30 യുവ സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

സഹകരണ സംഘങ്ങളിലെ ഭരണസമിതിയിലേയ്ക്ക് (40 വയസ്സ് അധികരിക്കാത്തവരെ) ഉൾപ്പെടുത്തുന്നതിന് മുൻസർക്കാരിന്റെ കാലത്ത് 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

**(സി)** നാലുവർഷം കൊണ്ട് അഞ്ചുലക്ഷത്തോളം തൊഴിലവസരങ്ങൾ സഹകരണ മേഖലയിൽ സൃഷ്ടിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ടോ; ഇതിന്റെ ഭാഗമായി വനിതാ സഹകരണ

സംഘങ്ങളെ ഉൽപ്പാദക യൂണിറ്റുകളാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് ഒന്നാം നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെയുള്ള കാലയളവിൽ സഹകരണ വകുപ്പിന് സഹകരണ സ്ഥാപനങ്ങൾ മുഖേന നാനൂറ്റി ഇരുപത്തി അഞ്ച് (425) സ്ഥിരം തൊഴിലുകളും ഇരുപതിനായിരത്തി ഒരുനൂറ്റി അൻപത്തി മൂന്ന് (20,153) തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ ഇരുപതിനായിരത്തി അഞ്ഞൂറ്റി എഴുപത്തി എട്ട് (20,578) തൊഴിൽ/തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് അനുമാനം.

കൂടാതെ ഈ കാലയലവിൽ നാനൂറ്റി പത്ത് (410) സംഘങ്ങൾ അറുന്നൂറ്റി എട്ട് (608) ഏക്കർ ഇരുപത്തിനാല് (24) സെന്റ് സ്ഥലത്ത് കൃഷി നടത്തിയതിലൂടെ 14 ജില്ലകളിലുമായി അയ്യായിരത്തി അഞ്ഞൂറ്റി അൻപത്തി നാല് (5554) തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

മുൻ സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി 2022 ഫെബ്രുവരി 10 മുതൽ മെയ് 20 വരെയുള്ള കാലയളവിൽ എഴുന്നൂറ്റി അൻപത്തി ഒൻപത് (759) സ്ഥിരം തൊഴിലുകളും മുപ്പത്തിനാലായിരത്തി തൊള്ളായിരത്തി നാല്പത്തി രണ്ട് (34942) തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ മുപ്പത്തി അയ്യായിരത്തി എഴുന്നൂറ്റി ഒന്ന് (35701) തൊഴിൽ/തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സ്വയംതൊഴിൽ ആരംഭിക്കുന്നതിന് വേണ്ടി കേരള ബാങ്കിൽ നിന്നും വായ്പ നൽകിയതിലൂടെ മുപ്പത്തി അയ്യായിരം (35000) തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. അപ്രകാരം ആകെ തൊണ്ണൂറ്റി ആറായിരത്തി എണ്ണൂറ്റി മുപ്പത്തിമൂന്ന് (96,833) തൊഴിലവസരങ്ങളാണ് സൃഷ്ടിക്കാൻ സാധിച്ചിട്ടുള്ളത്.

2021-22 സാമ്പത്തിക വർഷം മുതൽ 2025-26 വരെ വനിത സഹകരണ സംഘങ്ങൾക്ക് ഉത്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനായി മൂന്ന് കോടി അൻപത്തിയാറു ലക്ഷത്തി അയ്യായിരം (3,56,05,000/-) രൂപ അനുവദിച്ചിട്ടുണ്ട്. അത്തരത്തിൽ ആയിരത്തി മുന്നൂറ്റി എൺപത് (1380) തൊഴിലവസരങ്ങൾ സംസ്ഥാനത്തൊട്ടാകെ വനിതാ സഹകരണ സംഘങ്ങളിലൂടെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. അപ്രകാരം 4 വർഷം കൊണ്ട് ആകെ തൊണ്ണൂറ്റി എണ്ണായിരത്തി ഇരുന്നൂറ്റി പതിമൂന്ന് (98213) തൊഴിലവസരങ്ങൾ സഹകരണ മേഖലയിൽ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട് എന്നാണ് അനുമാനം.

**(ഡി)** സൈബർ ഫിസിക്കൽ സിസ്റ്റംസ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, നെറ്റ്‌വർക്സ് മുതലായ നാലാംതലമുറ വ്യവസായങ്ങൾ യുവാക്കളുടെ സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങളിലൂടെ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** സഹകരണ മേഖലയിൽ നൂതന ആശയങ്ങളിലൂടെ തൊഴിൽ സാധ്യത ഉറപ്പാക്കുന്നതിനും സമൂഹത്തിന്റെയും നാടിന്റെയും സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനും നാലാം തലമുറ വ്യവസായങ്ങളിലൂടെയും സ്റ്റാർട്ട് അപ്പ്- ലൂടെയും സാധിക്കുമെന്നതിനാൽ ഇത്തരം ആശയങ്ങൾ സഹകരണ സംഘങ്ങളിലൂടെ നടപ്പാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**